# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 10.06.2024** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. മൂന്നാം നരേന്ദ്രമോദി സർക്കാരിന്റെ ആദ്യ മന്ത്രിസഭാ യോഗം പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്നു.

   **The first cabinetmeeting of the new NDA government held at Prime Minister Narendra Modi'sresidence at 7 Lok Kalyan Marg in New Delhi. .**

2. പ്രധാൻമന്ത്രി ആവാസ് യോജനയിലൂടെ മൂന്ന് കോടി ഭവനങ്ങൾക്ക് നിർമാണ സഹായം നൽകാൻ മന്ത്രിസഭാ തീരുമാനം.

   **The government will provide assistance to three crore additional rural and urban households for the construction of houses to meet the housing needs arising out of the increase in the number of eligible families..**

3. സിക്കിം മുഖ്യമന്ത്രിയായി എസ് കെ എം നേതാവ് പ്രേം സിങ് തമാങ് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. ആന്ധ്രാപ്രദേശ്, ഒഡീഷ സർക്കാരുകളുടെ സത്യപ്രതിജ്ഞ ബുധനാഴ്ച.

   **Prem Singh Tamang was sworn in as Chief Minister of Sikkim for the second time, Andhra Pradesh, Odisha Governments will sworn in on Wednesday.**

4. തദ്ദേശ വാർഡ് വിഭജനം സംബന്ധിച്ച ബിൽ കേരള നിയമസഭ ഇന്ന് പാസ്സാക്കി. മദ്യനയവുമായി ബന്ധപ്പെട്ട പ്രതിപക്ഷ ബഹളത്തെ തുടർന്ന് സഭ ഇന്നത്തേക്ക് പിരിഞ്ഞു.

**Kerala Assembly passed the amendment Bill regarding the delimitation of local self Government bodies. The Assembly witnessed ruckus over Excise Policy..**

5. **എൽ.ഡി.എഫിന്റെ രണ്ട് രാജ്യസഭാ സീറ്റുകൾ സി പി ഐ-ക്കും കേരളാ കോൺഗ്രസ് എമ്മിനും വിട്ടു നൽകാൻ മുന്നണി യോഗത്തിൽ തീരുമാനം. ഹാരിസ് ബീരാൻ മുസ്ലിം ലീഗിന്റെ രാജ്യസഭാ സ്ഥാനാർത്ഥി.**

**LDF decides to allocate Rajya Sabha seats for CPI and Kerala Congress (M). IUML nominated Supreme Court Lawyer Haris Beeran as Rajya Sabha candidate.**

***************************

## CABINET

മൂന്നാം നരേന്ദ്രമോദി സർക്കാരിന്റെ ആദ്യ മന്ത്രിസഭാ യോഗം ന്യൂഡൽഹിയിൽ ചേർന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിലാണ് യോഗം ചേർന്നത്.പ്രധാൻമന്ത്രി ആവാസ് യോജനയിലൂടെ മൂന്ന് കോടി ഭവനങ്ങൾക്ക് നിർമാണ സഹായം നൽകാൻ മന്ത്രിസഭ തീരുമാനിച്ചു. ഗ്രാമങ്ങളിലും നഗരങ്ങളിലും ഭവനങ്ങൾ നിർമ്മിക്കുന്നതിനാണ് സഹായം നൽകുന്നത്. പദ്ധതിക്ക് കീഴിൽ നിർമിക്കുന്ന വീടുകളിൽ ശൗചാലയം, എൽ പി ജി കണക്ഷൻ, വൈദ്യുതി കണക്ഷൻ ഉൾപ്പെടെ ഉണ്ടാകും. ഇന്നലെ സത്യപ്രതിജ്ഞ ചെയ്ത കേന്ദ്രമന്ത്രിമാരുടെ വകുപ്പുകൾ സംബന്ധിച്ച തീരുമാനവും ഉടൻ പുറത്തുവരും.

***************************

## PM – PMO … INTRO

പ്രധാനമന്ത്രിയുടെ ഓഫീസ് സേവന കേന്ദ്രമാണെന്നും ജനങ്ങളുടെ പ്രധാനമന്ത്രിയായിരിക്കാനാണ് നിരന്തരം പരിശ്രമിക്കുന്നതെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. മൂന്നാം തവണയും അധികാരമേറ്റ ശേഷം പ്രധാനമന്ത്രി കാര്യാലയത്തിലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ പത്ത് വർഷത്തിനിടെ രാജ്യം നേടിയതിനേക്കാൾ കൂടുതൽ നേട്ടങ്ങൾ ഈ സർക്കാരിൻറെ കാലയളവിൽ കൈവരിക്കണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. കാഴ്ചപ്പാടുകളിലെ വ്യക്തത, ദൃഢവിശ്വാസം, പൂർണ്ണ സമർപ്പണത്തോടെയുള്ള പ്രവർത്തനം ഇവയെല്ലാമാണ് വിജയത്തിൻറെ മന്ത്രമെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

(ഹോൾഡ്)

*************************

## MODI - PM KISAN

കിസാൻ സമ്മാൻ നിധിയുടെ 17-ാാം ഗഡു വിതരണത്തിന് അനുമതി നൽകുന്ന ഫയലിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഒപ്പുവച്ചു. രാജ്യത്തിൻറെ പ്രധാനമന്ത്രിയായി മൂന്നാമതും ചുമതലയേറ്റ ശേഷം ശ്രീ മോദി ആദ്യമായി ഒപ്പു വച്ച ഫയലാണിത്. കർഷകരുടെ ക്ഷേമത്തിന് തൻ്റെ സർക്കാർ പൂർണമായും പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. കർഷക ക്ഷേമത്തിനായി വരും ദിവസങ്ങളിൽ കൂടുതൽ പ്രവർത്തനങ്ങൾ നടത്തുമെന്നും അദ്ദേഹം പറഞ്ഞു. 9 കോടി 30 ലക്ഷം കർഷകർക്ക്, 20,000 കോടിയോളം രൂപയാണ് കിസാൻ സമ്മാൻ നിധിയിലൂടെ വിതരണം ചെയ്യുന്നത്.

*************************

## EVE SIKKIM-SWEARING IN

സിക്കിം മുഖ്യമന്ത്രിയായി എസ് കെ എം നേതാവ് പ്രേം സിങ് തമാങ് സത്യപ്രതിജ്ഞ ചെയ്തു. ഗാങ്ടോക്കിലെ പാൽജോർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ഗവർണർ ലക്ഷ്മൺ പ്രസാദ് ആചാര്യ സത്യവാചകം ചൊല്ലിക്കൊടുത്തു. ഇത് രണ്ടാം തവണയാണ് ശ്രീ തമാങ് സിക്കിമിൻറെ മുഖ്യമന്ത്രിയാകുന്നത്. അദ്ദേഹത്തിനൊപ്പം 11 മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. പ്രധാനമന്ത്രി ഉൾപ്പെടെയുള്ള നേതാക്കൾ പ്രേം സിങ് തമാങിന് അഭിനന്ദനങ്ങൾ നേർന്നു.

***************************

## ANDHRA SWEARING

ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായി ടി.ഡി.പി അധ്യക്ഷൻ എൻ. ചന്ദ്രബാബു നായിഡു ബുധനാഴ്ച സത്യപ്രതിജ്ഞ ചെയ്യും. വിജയവാഡയിലെ ഗന്നവാരത്താണ് സത്യപ്രതിജ്ഞാ ചടങ്ങുകൾ. നാലാം തവണ മുഖ്യമന്ത്രി സ്ഥാനത്തെത്തുന്ന ചന്ദ്രബാബു നായിഡു ആന്ധ്രാ വിഭജനത്തിന് ശേഷം ഇത് രണ്ടാം തവണയാണ് സംസ്ഥാനത്ത് അധികാരത്തിലെത്തുന്നത്. . ആന്ധ്രാ പ്രദേശ് നിയമസഭാ തിരഞ്ഞെടുപ്പിൽ 164 സീറ്റിൽ വിജയിച്ചാണ് TDP-BJP-JSP സഖ്യം അധികാരം പിടിച്ചത്.

***************************

## ODISHA

ഒഡീഷയിൽ ബിജെപി സർക്കാർ ബുധനാഴ്ച സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. സംസ്ഥാനത്തിൻറെ പുതിയ മുഖ്യമന്ത്രി ആരെന്നുള്ള കാര്യത്തിൽ അനിശ്ചിതത്വം തുടരുകയാണ്. നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്ന നടപടിക്രമങ്ങൾ നിരീക്ഷിക്കുന്നതിനായി കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിങ്ങിനെയും, ഭൂപേന്ദ്ര യാദവിനെയും ബിജെപി ചുമതലപ്പെടുത്തി. നിയമസഭാ കക്ഷി യോഗം നാളെ ഭുവനേശ്വരിൽ ചേർന്നേക്കും. മുതിർന്ന ബിജെപി നേതാവ് സുരേഷ് പൂജാരി ഉൾപ്പെടെയുള്ളവരുടെ പേരുകളാണ് മുഖ്യമന്ത്രി സ്ഥാനത്തേക്ക് ഉയർന്നു കേൾക്കുന്നത്. സത്യപ്രതിജ്ഞയ്ക്കുള്ള തയ്യാറെടുപ്പുകൾ ഭുവനേശ്വറിലെ ജനതാ മൈതാനിൽ പുരോഗമിക്കുകയാണ്.

***************************

## JAISHANKAR

കേന്ദ്രമന്ത്രി എസ് ജയ്ശങ്കർ മൗറീഷ്യസ് പ്രധാനമന്ത്രിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ-മൗറീഷ്യസ് ബന്ധം സംബന്ധിച്ച ചർച്ചകൾ നടന്നതായി അദ്ദേഹം സമൂഹ

മാധ്യമത്തിൽ കുറിച്ചു. നേപ്പാൾ പ്രധാനമന്ത്രി, മാൽഡീവ്സ് പ്രസിഡൻ്റ്, ബംഗ്ലാദേശ് പ്രധാനമന്ത്രി, ശ്രീലങ്കൻ പ്രസിഡൻ്റ്, ഭൂട്ടാൻ പ്രധാനമന്ത്രി, സേഷെൽസ് വൈസ് പ്രസിഡൻ്റ് എന്നിവരുമായും ശ്രീ. ജയ്ശങ്കർ കൂടിക്കാഴ്ച നടത്തി. കേന്ദ്ര മന്ത്രിസഭയുടെ ഇന്നലെ നടന്ന സത്യപ്രതിജ്ഞാ ചടങ്ങിന് സാക്ഷ്യം വഹിക്കാനാണ് നേതാക്കൾ ന്യൂഡൽഹിയിലെത്തിയത്.

**************************

## NIYAMASABHA

മദ്യനയവുമായി ബന്ധപ്പെട്ട പ്രതിപക്ഷ ബഹളത്തെ തുടർന്ന് സംസ്ഥാന നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്തു നിന്നും റോജി എം ജോൺ അടിയന്തര പ്രമേയ അവതരണത്തിന് നോട്ടീസ് നൽകി. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് വിജിലൻസ് - ജുഡീഷ്യൽ അന്വേഷണങ്ങൾ പ്രഖ്യാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വിഷയത്തിൽ തെറ്റായ വാദഗതിയാണ് പ്രതിപക്ഷം ഉന്നയിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി നൽകി. പ്രാഥമിക ചർച്ച പോലും നടത്തിയിട്ടില്ലാത്ത വിഷയം സഭ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ലെന്ന് മന്ത്രി എം ബി രാജേഷ് അറിയിച്ചു. സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിന് പിന്നാലെ പ്രതിപക്ഷ ബഹളം രൂക്ഷമായതിനെ തുടർന്ന് നടപടികൾ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിയുകയായിരുന്നു. തദ്ദേശ വാർഡ് വിഭജനം സംബന്ധിച്ച ബില്ലും നിയമസഭ ഇന്ന് പാസ്സാക്കി. പ്രതിപക്ഷ ബഹളത്തിനിടെ സബ്ജക്ട് കമ്മിറ്റിയ്ക്ക് വിടാതെ ബിൽ സഭ പാസാക്കുകയായിരുന്നു .

**************************

## LDF- MUSLIM LEAGUE

രാജ്യസഭയിൽ ഒഴിവു വരുന്ന എൽ.ഡി.എഫിൻറെ രണ്ട് സീറ്റുകളിലേക്ക് സിപിഐ , കേരളാ കോൺഗ്രസ് മാണി ഗ്രൂപ്പ് സ്ഥാനാർത്ഥികൾ മത്സരിക്കുമെന്ന് എൽ ഡി എഫ് കൺവീനർ ഇ.പി.ജയരാജൻ തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു മുന്നണികൾക്കായി വിട്ടുവീഴ്ച ചെയ്യുന്ന പാർട്ടിയാണ് സിപിഐഎം എന്നും അദ്ദേഹം പറഞ്ഞു. ഹാരിസ് ബീരാൻ ആണ് മുസ്ലിം ലീഗിന്റെ രാജ്യസഭാ സ്ഥാനാർത്ഥി. തിരുവനന്തപുരത്ത് ചേർന്ന മുസ്ലിം ലീഗ് നേതൃ യോഗത്തിലാണ് തീരുമാനം. കെഎംസിസി ദില്ലി ഘടകം പ്രസിഡന്റും സുപ്രീംകോടതി അഭിഭാഷകനുമാണ് ഹാരിസ് ബീരാൻ.

***************************

## SURESH GOPI

കേന്ദ്ര മന്ത്രിസഭയിൽ നിന്നും താൻ രാജിവയ്ക്കുമെന്ന തരത്തിൽ ചില മാധ്യമങ്ങൾ നൽകുന്ന വാർത്തകൾ തെറ്റാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കേരളത്തിന്റെ വികസനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിനു കീഴിൽ നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുമെന്നും അദ്ദേഹം സമൂഹ മാധ്യമമായ എക്സിൽ കുറിച്ചു. പ്രധാനമന്ത്രിയ്ക്കൊപ്പമുള്ള ചിത്രവും ശ്രീ സുരേഷ് ഗോപി പങ്കുവച്ചു.

***************************

## REVANNA-CUSTODY

ലൈംഗിക പീഡന കേസിൽ അറസ്റ്റിലായ ജനതാദൾ(എസ്) നേതാവും, മുൻ എംപിയുമായ പ്രജ്വൽ രേവണ്ണയെ ബംഗളൂരു കോടതി ഈ മാസം 24 വരെ ജുഡിഷ്യൽ കസ്റ്റഡിയിൽ വിട്ടു. മെയ് 30 ന് ജർമ്മനിയിൽ നിന്ന് എത്തിയ പ്രജ്വലിനെ ബംഗളൂരു വിമാനത്താവളത്തിൽ വെച്ചാണ് അറസ്റ്റ് ചെയ്തത്.

***************************

## MANIPUR-ATTACK

മണിപ്പൂർ മുഖ്യമന്ത്രി ബിരേൻ സിങ്ങിന്റെ സുരക്ഷാ സംഘത്തിനു നേരെ അജ്ഞാത സംഘം ആക്രമണം നടത്തി. ജിരിബാമിലേക്കുള്ള യാത്രാമധ്യേ കോട്ലൻ സിനാം ഗ്രാമത്തിൽ ഇന്ന് രാവിലെ 10.30 ഓടെയാണ് സംഭവം. മുഖ്യമന്ത്രി യാത്രാ സംഘത്തിൽ ഉണ്ടായിരുന്നില്ല. നാളെ അദ്ദേഹം ജിരിബാമിലെ സംഘർഷ ബാധിത പ്രദേശങ്ങൾ സന്ദർശിക്കാനിരിക്കെയാണ് ആക്രമണം. ഒരു പോലീസ് ഉദ്യോഗസ്ഥന് സംഭവത്തിൽ പരിക്കേറ്റിട്ടുണ്ട്. സംഭവ സ്ഥലത്ത് കൂടുതൽ സുരക്ഷാ സേനയെ വിന്യസിച്ചു. അക്രമികൾക്കായ് തിരച്ചിൽ തുടരുകയാണ്.

****************************

## KARNATAKA-ADITYA L1

ഇന്ത്യയുടെ സൗര ദൗത്യം ആദിത്യ എൽ - 1 ഭൗമകാന്തിക കൊടുങ്കാറ്റിനിടെ കഴിഞ്ഞ മാസം പകർത്തിയ സൂര്യന്റെ ചിത്രങ്ങൾ ഐഎസ്ആർഒ പുറത്തു വിട്ടു. ബഹിരാകാശത്തെ ലഗ്രാഞ്ച് പോയിന്റിൽ നിന്ന് **Solar UltraViolet Imaging Telescope**, **Visible Emission Line Coronagraph** എന്നീ റിമോട്ട് സെൻസിംഗ് പേലോഡുകളാണ് ചിത്രം പകർത്തിയത്. ഐഎസ്ആർഒ പുറത്തുവിട്ട ചിത്രങ്ങളിൽ സൂര്യന്റെ ഉപരിതലം വ്യക്തമാണ്. അൾട്രാവയലറ്റ് വികിരണം, ദീർഘകാല സൗര വ്യതിയാനങ്ങൾ എന്നിവ പഠിക്കാൻ ഈ ചിത്രങ്ങൾ ഉപകരിക്കുമെന്ന് ഐഎസ്ആർഒ അറിയിച്ചു.

****************************

## RAIN

സംസ്ഥാനത്ത് അടുത്ത നാല് ദിവസം ശക്തമായ കാറ്റിനും വ്യാപക മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ഒഴികെയുള്ള 10 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നാളെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും നൽകി. കേരള – കർണാടക –

ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

**************************

## T-20

ലോകകപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് ദക്ഷിണാഫ്രിക്ക , ബംഗ്ലാദേശ് പോരാട്ടം. ന്യൂയോർക്കിലെ ഇൻറർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം.

**************************

## DELHI - AAP-LG EMERGENCY MEET

യമുനാനദിയിൽ നിന്ന് ജലം വിട്ടുനൽകുന്നത് സംബന്ധിച്ച് ഹരിയാന സർക്കാരുമായി ചർച്ച നടത്തുമെന്ന് ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേന. രാജ്യതലസ്ഥാനത്തെ ജലക്ഷാമത്തിൽ പരിഹാരം തേടിയുള്ള ഡൽഹി സർക്കാരിന്റെ അടിയന്തര യോഗത്തിലാണ് ലെഫ്റ്റനന്റ് ഗവർണർ ഇക്കാര്യം അറിയിച്ചത്. ഹിമാചൽ പ്രദേശിൽ നിന്നും ഡൽഹിക്ക് ഇതുവരെയും വെള്ളം ലഭിച്ചിട്ടില്ലെന്നും, ഹിമാചൽ പ്രദേശുമായുള്ള തർക്കത്തെ തുടർന്നാണ് ഹരിയാനയും ജലം വിട്ടുനൽകാത്തതെന്നും ഡൽഹി ജലമന്ത്രി അതിഷി ആരോപിച്ചു.

*****************************************************************************************************